**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **18-09-2025 - ൽ മറുപടിയ്ക്ക്**

**ഇലയ്ക്കാട് നഗർ - പട്ടയപ്രശ്നം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗ്രാമ പഞ്ചായത്തിലെ ഇലയ്ക്കാട് നഗറിൽ നാല്പത്തിമൂന്ന് വർഷമായി താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ എപ്പോൾ പൂർത്തിയാക്കും എന്ന് അറിയിക്കാമോ; | (എ) | ഇലയ്ക്കാട് നഗറിലെ താമസക്കാരായ 53 കുടുംബങ്ങൾക്ക് പട്ടയം അനുവദിയ്ക്കുന്നതിനുള്ള അപേക്ഷകളിൻമേലുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലെ SCDD/5344/2024-A2 (DEV A) എന്ന ഫയലിൽ സ്വീകരിച്ചു വരുന്നുണ്ട്. വകുപ്പ് ഡയറക്ടറുടെ 12.12.2024 തീയതിയിലെ SCDD/5344/2024-A2 (DEV A), നമ്പർ നടപടി ഉത്തരവു പ്രകാരം അർഹരായവർക്ക് പട്ടയം അനുവദിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും അനുമതിയും കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 9 അപേക്ഷകർക്ക് വകുപ്പിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ചു നൽകിയിട്ടുണ്ട്. അവശേഷിയ്ക്കുന്ന അപേക്ഷകർ ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അടിയന്തിരമായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് വകുപ്പ് തല നടപടികൾ പൂർത്തിയാക്കുന്നതാണ്. പട്ടികജാതി വികസന വകുപ്പിൽ നിന്നും അനുവദിക്കുന്ന നിരാക്ഷേപ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് റവന്യു വകുപ്പ് പട്ടയം അനുവദിക്കുന്നത്. രേഖകൾ പ്രകാരം അനുവദിച്ച ഭൂമിയുടെയും കൈവശ ഭൂമിയുടെയും അളവുകൾ തമ്മിൽ വ്യത്യാസമുള്ള പക്ഷം റവന്യൂ വകുപ്പ് മുഖേന ഭൂമി അളന്ന് തിട്ടപ്പെടുത്തി റവന്യൂ അധികാരികളുടെ തീരുമാനത്തിന് വിധേയമായി അർഹതയുള്ള ഭൂമിയ്ക്ക് പട്ടയം അനുവദിയ്ക്കുന്നതാണ്. |
| (ബി) | പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിരിക്കുന്ന അപേക്ഷ സർക്കാരിൽ ലഭ്യമാക്കാത്തതിന് കാരണം വ്യക്തമാക്കാമോ; ഫയൽ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; | (ബി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |

| | | | |
|---|---|---|---|
| | കൈവശക്കാരുടെ മുഴുവൻ ഭൂമിക്കും പട്ടയം നൽകുമോ; ഇല്ലെങ്കിൽ വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത അപേക്ഷ നിലവിൽ പട്ടിക ജാതി വികസന ഡയറക്ടറേറ്റിലെ എസ്.സി.ഡി.ഡി/5344/2024-എ2 (ഡി.ഇ.വി എ) നമ്പർ ഫയലിൽ പരിഗണനയ്ക്കായി ഉൾപ്പെടുത്തി നടപടി സ്വീകരിച്ചു വരുന്നതാണോ; ഇതിന്റെ പുരോഗതി വിശദമാക്കാമോ? | (സി) | മറുപടി (എ ) പിരിവിൽ ചേർത്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ